അമൃതയ്ക്ക് ഉന്നത അംഗീകാരങ്ങളായി

# സ്വാശ്രയ സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസരംഗത്തെ മുരടിപ്പ് മാറ്റി-എ.കെ. ആൻറണി

കൊച്ചി: കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലനിന്നിരുന്ന മുരടിപ്പ് മാറ്റാൻ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ. ആൻറണി പറഞ്ഞു.

അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് എൻ.എ.ബി.എച്ച്. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ്) ഉൾപ്പെടെ ലഭിച്ച മികവിൻെറ അംഗീകാരങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യ-പാക് യുദ്ധം പോലെ സംഘർഷഭരിതമായ അന്തരീക്ഷത്തിലായിരുന്നു കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തുടക്കം. സ്വാശ്രയ സ്ഥാപനം എന്ന ആശയത്തോട് ആർക്കും എതിർപ്പില്ലാത്ത അവസ്ഥയിലേക്ക് ഇപ്പോൾ കേരളം മാറിയിട്ടുണ്ട് -എ.കെ. ആൻറണി പറഞ്ഞു.

അമൃതയിൽ സ്ഥാപിച്ച മതമൈത്രി പ്രാർഥനാലയം കേന്ദ്ര കൃഷിവകുപ്പ് സഹമന്ത്രി കെ.വി. തോമസ് ഉദ്ഘാടനം ചെയ്തു.

എൻഎബിഎച്ച് അംഗീകാരത്തിനൊപ്പം അമൃതയ്ക്ക് നാക് (നാഷണൽ അസസ്മെൻറ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ), എൻഎബിഎൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) എന്നീ അംഗീകാരങ്ങളും ലഭിച്ചു. ഇവയുടെ പ്രഖ്യാപനവും എ.കെ. ആൻറണി നിർവഹിച്ചു.

എറണാകുളം അമൃത ആസ്പത്രിയിലെ പ്രധാന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നാക് ഔദ്യോഗിക രേഖ അമൃത വിശ്വവിദ്യാപീഠം വൈസ് ചാൻസലർ ഡോ. വെങ്കട്ട് രംഗനും എൻ.എ.ബി.എച്ച്. രേഖ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എഐഎംഎസ്) മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായരും ഏറ്റുവാങ്ങി. എൻഎബിഎൽ ഔദ്യോഗിക രേഖ ബയോകെമിസ്ട്രി പ്രൊഫസർ ഡോ. ഡി.എം. വാസുദേവന് കൈമാറി. എൻഎബിഎച്ച് അംഗീകാരം ലഭിക്കുന്ന രാജ്യത്തെ ആദ്യ അധ്യയന ആസ്പത്രിയാണ് അമൃതയെന്ന് ആസ്പത്രി അധികൃതർ അറിയിച്ചു.

ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ സെക്രട്ടറി ജനറൽ ഡോ. ഗിരിധർ ഗ്യാനി മുഖ്യ പ്രഭാഷണം നടത്തി.

ചടങ്ങിൽ കെ. ബാബു എംഎൽഎ, അമൃത ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ റോൺ ഗോട്സെഗൻ, സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. സഞ്ജീവ് കെ. സിങ്, അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. പ്രതാപൻ നായർ, അമൃത ഹോസ്പിറ്റൽ വൈസ് പ്രസിഡൻറ് ഡോ. എ.പി.എസ്. കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.